[Rao Bahadur T. K. Nayar]

ണ്ടിന്നും ബോദ്ധ്യമാണു്. അതുകൊണ്ടു് അതർഹിക്കുന്ന ഗൌരവത്തോടുകൂടി വേഗം ചെയ്യുന്നതാണു്.

മിസ്റ്റർ പി. കെ. ഡീവർ: തേവരയിൽ, ഡ്രെഡ്ജർവരാതെതന്നെ, വളരെ അധികസ്ഥലം ബണ്ടുചെയ്യുവാൻ സൌകര്യമുണ്ടു്. അതു നോക്കാമോ?

റാവുബഹദൂർ ടി. കെ. നായർ: അവിടെ ഇറക്കുസമയത്തു് കുറെ സ്ഥലമുള്ളതായി കണ്ടിട്ടുണ്ടു്. വളരെ കൂടുതൽ സ്ഥലം ഒന്നിച്ചു് ബണ്ടുചെയ്യുവാൻ സൌകര്യമുണ്ടെങ്കിൽ അതു ബണ്ടുചെയ്യുവാൻ നോക്കാം. ഈ പറഞ്ഞതു് നോട്ടുചെയ്തു് അതിനെപ്പറ്റി ഉടനെ അന്വേഷിക്കാം.

മിസ്റ്റർ പി. നാരായണമേനോൻ: ചിറ വേണ്ടസമയത്തു് കെട്ടാത്തതുകൊണ്ടു് കൊച്ചി കണയന്നൂർ താലൂക്കിൽ മാക്സിമം ലോസ്സുണ്ടായിട്ടുള്ളതായി ഗവൺമെണ്ടിന്നു വല്ല ഹർജിയും കിട്ടിയിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ചില സ്ഥലങ്ങളിൽ ലോസ്സു് വന്നിട്ടുണ്ടെന്നു ഗവൺമെണ്ടിന്നു അറിവുകിട്ടിയിട്ടുണ്ടു്.

മിസ്റ്റർ എം. ഐ. പോൾ: bunding up ചെയ്യുവാനുള്ള സൌകര്യം ഏതുകാലത്തു വരും?

റാവുബഹദൂർ ടി. കെ. നായർ: അതു സ്കീമിന്റെ നില അനുസരിച്ചിരിക്കും.

മിസ്റ്റർ ജോസ് കെ. വട്ടിസ്: ഒരു കമ്മിറ്റിയുണ്ടെന്നു പറഞ്ഞു. അതിൽ കൊച്ചിക്കാരായ കൃഷിക്കാർ എത്ര പേർ ഉണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: കമ്മിറ്റിയിലെ മെമ്പർമാരുടെ മുഴുവൻപേരും പറയണമെന്നുണ്ടെങ്കിൽ നാളെ പറയാം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: കമ്മിറ്റി ചെയ്ത നിർദ്ദേശങ്ങളും അനുസരിച്ചു് എന്തെങ്കിലും ഗവൺമെണ്ടു ചെയ്യുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസുവേണം.

FAIR PRICE SHOP—PANANGAT—ENTRUSTING WITH CO-OPERATIVE SOCIETY—INFORMATION RRGARDING

78. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) കൊച്ചികണയന്നൂർ താലൂക്കു് കുമ്പളം വില്ലേജിലുള്ള പനങ്ങാടു് ന്യായവിലക്കാപ്പു് ഏതു പരസ്പരസഹായസംഘത്തെയാണു് ഗവൺമെണ്ടു് ഏല്പിച്ചിട്ടുള്ളു;

(ബ.) ഈ കാപ്പു് തങ്ങളെ ഏല്പിച്ചാൽ കൊള്ളാമെന്നു് മറെറ വല്ല സംഘങ്ങളും ഗവൺമെണ്ടിനോടു് അഭ്യർത്ഥിച്ചിരുന്നുവോ;

(സി) ഉണ്ടെങ്കിൽ ആ സംഘങ്ങൾ ഏതെല്ലാം;

(ഡി) അവയെ ഏല്പിക്കാതിരിപ്പാനുണ്ടായ കാരണങ്ങൾ എന്തെല്ലാം?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ) വിഭവവ്യവസായ പരസ്പരസഹായസംഘം നമ്പർ ൩ ൪ ൪.

(ബി) ഉവ്വു്.

(സി) പനങ്ങാടു് മർച്ചിപർച്ചസ്സു് കോപ്പറേറീവു് സൊസൈറി നമ്പർ ൩ ൫ ൪.

(ഡി) വിഭവവ്യവസായ കോപ്പറേറീവു് സൊസൈറിയാണു് കൂടുതൽ പ്രാപ്തിയുള്ളതും യോജിച്ചതും എന്നു കണ്ടതുകൊണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: ൩ ൫ ൪-ാംനമ്പ്രു് സൊസൈറി എന്നാണു് റജിസ്റ്റർ ചെയ്തതു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: നോട്ടിസ്സു വേണം.

മിസ്റ്റർ പി. നാരായണമേനോൻ: ഈ സൊസൈറിയെ ന്യായവിലക്കാപ്പു് ഏല്പിച്ചതു് എന്നാണു്?

Mr. K. Balakrishna Menon *(Minister for Food and Education)*: With your leave, Sir, the Hon'ble Member wants to get at the crux of the whole matter.

I might for his information submit that there was complaint by a large number of organisations from that particular place that this should not be handed over to this society on

LIBRARY ARCHIVES Kerala Legislative Assembly

behalf of which this question has been put; but after enquiry it has been handed over to it.

മിസ്റ്റർ പി. നാരായണമേനോൻ: അതു മനസ്സിലായില്ല. ഒന്നുകൂടി പറഞ്ഞാൽ തരക്കേടില്ല.

Mr. K. Balakrishna Menon *(Minister for Food and Education):* There was complaint that this society should not be entrusted with a ration shop by a large number of organisations. That complaint was enquired into by the Director of Food Supplies and by the then Minister and it was held that the ration shop should be handed over to it.

മിസ്റ്റർ പി. നാരായണമേനോൻ: Number of organisation എത്തെല്ലാമാണെന്നു പറഞ്ഞാൽ തരക്കേടില്ല.

Mr. K. Balakrishna Menon *(Minister for Food and Education):* S. N. D. P. Yogam, Prajamandal, Latin X'ian, Pulaya Mahasabha and Muslim League.

മിസ്റ്റർ പി. നാരായണമേനോൻ: ഈ സംഘടനകൾ ഉണ്ടെന്നു പറഞ്ഞ ന്യൂനതകൾ എത്തെല്ലാമാണ്?

Mr. K. Balakrishna Menon *(Minister for Food and Education):* The allegation was that in the society for which ration shop was not given, the share money was Rs. 25 and that it was a sort of an aristocratic body.

മിസ്റ്റർ പി. നാരായണമേനോൻ: ഈ കമ്പ്ലെയിന്റ് വന്നപ്പോൾ ഈ സൊസൈറ്റി സാധാരണ സൊസൈറ്റിയായി കൺവർട്ട് ചെയ്തില്ലെ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അതിനശേഷമാണ്.

മിസ്റ്റർ പി. നാരായണമേനോൻ: ന്യായവിലഷാപ്പ് കൊടുക്കുന്നതിനുമുമ്പ് ന്യായവിലഷാപ്പ് എറെടുക്കുന്നതിനു സൊസൈറ്റി രജിസ്റ്റർ ചെയ്തതല്ലെ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: രജിസ്റ്റർ ചെയ്യുമ entrust ചെയ്യുന്നതിനു മുമ്പാണ്. For the exact date I want notice, 32nd Karkadagam.

മിസ്റ്റർ പി. നാരായണമേനോൻ: ഏതു സംഘടനയാണ് ഈ കമ്പ്ലെയിന്റിൽ ആദ്യം ഒപ്പുവെച്ചിട്ടുള്ളത്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: പ്രജാമണ്ഡലം പ്രസിഡണ്ട്.

മിസ്റ്റർ പി. നാരായണമേനോൻ: ഈ പ്രജാമണ്ഡലം പ്രസിഡണ്ടിന്റെ പേരൊന്നു പറയാമോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: വി. എസ്സ്. മാധവൻ.

മിസ്റ്റർ പി. നാരായണമേനോൻ: ഈ വി. എസ്സ്. മാധവനു് എന്താണ് ജോലി എന്നു പറയാമോ? ഇതിനു അവകാശം പറഞ്ഞുകൊണ്ടുന്നതു് ന്യ ര ങ്ങനേക്കാൾ ന്യ ങ്ങിനു് കൂടുതൽ പ്രാപ്തിയുണ്ടെന്നു തോന്നി എന്നാണ്. പ്രാപ്തിയുണ്ടെന്നു തോന്നുവാൻ ന്യ ങ്ങിനു് ഇതിനുമുമ്പു് എന്തായിരുന്നു ജോലി?

Mr. K. Balakrishna Menon *(Minister for Food and Education):* I submit Sir, beyond the information, that is already given, I am not in a position to say anything. The then Minister and the Director of Food Supplies thought fit to hand it over to that particular society.

മിസ്റ്റർ പി. എ. മുഹമ്മദബ്ദുറഹ്മാൻ: ഇനി ക്വാപ്പുകൾ മഴിവു വരുമ്പോൾ കിട്ടാത്ത സൊസൈറ്റികൾക്കു കൊടുക്കുവാൻ മയവുണ്ടാകുമോ?

Mr. President: That is not asking for information.

മിസ്റ്റർ പി. നാരായണമേനോൻ: ഒന്നു രണ്ടു പ്രജാമണ്ഡലം അംഗങ്ങളാൽ തൃപ്തികരിക്കപ്പെട്ട സൊസൈറ്റിക്കു കൊടുക്കുവാൻവേണ്ടിയുണ്ടാക്കിയ കള്ളറിക്കാർഡാണ് ഈ ഹജ്ജു, എന്നു വിശ്വസിക്കുന്നതിൽ വല്ല തെറ്റുമുണ്ടോ?

Mr. K. Balakrishna Menon *(Minister for Food and Education):* In the first place it has not been brought to the notice of the Government like that, that it is something manipulated by the Prajamandal.

മിസ്റ്റർ പി. നാരായണമേനോൻ: ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ ഞാൻ കൊണ്ടുവരുന്നു....

Mr. President: That question cannot be allowed under rule 49. That is not a supplementary question.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. നാരായണമേനോൻ: [illegible] സൊസൈറ്റി എന്നാണ് രജിസ്റ്റർ ചെയ്തത്? അവരുടെ മുമ്പിലത്തെ ബിസിനസ്സ് എന്തായിരുന്നുവെന്ന് ഗവമ്മെണ്ടിന്നറിയാമോ?

Mr. K. Balakrishna Menon (*Minister for Food & Education*): I Want notice.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ പ്രജാമണ്ഡലം പ്രസിഡണ്ട് മാധവനോ എത്ര വയസ്സായിട്ടുണ്ട്?

Mr. K. Balakrishna Menon (*Minister for Food and Education*): I do not know whether I am to reply to that question.

Mr. K. S. Panicker (*Trichur-Ezhuvas*): Is he a married man?

Mr. President: I am constrained to remark, that such a question is an abuse of right of questions.

മിസ്റ്റർ പി. നാരായണമേനോൻ: കോ-ഓപ്പറേറ്റീവ് സൊസൈറ്റി രജിസ്ട്രാർ ഇതിൽ ഏത് സംഘത്തെയാണ് prefer ചെയ്തിരുന്നത്?

Mr. K. Balakrishna Menon (*Minister for Food & Education*): I think he preferred Society no. 645.

മിസ്റ്റർ പി. നാരായണമേനോൻ: കോ ഓപ്പറേറ്റീവ് രജിസ്ട്രാർ ഈ സംഗതികളൊന്നും മനസ്സിലാക്കാതെയാണോ ഇങ്ങിനെ prefer ചെയ്തത്?

Mr. K. Balakrishna Menon (*Minister for Food and Education*): On receipt of complaint the Government enquired into the matter. This was the decision taken by the Government. I can only submit, Sir, unfortunately this has been a very difficult problem to the Government because in one and the same plac we have been getting more requests and I have issued orders that there shall only be one co-operative society so that we may not have such troubles.

Mr. President: We spent disproportionately much time on this question and we shall now pass on to the next question.

PETITIONS PENDING WITH MINISTERS—INFORMATION REGARDING

79. Mr. Paramel Ipe Ipe (*Kunuamkulam*): Will Government be pleased to state.—

how many petitions presented to the various Ministers are pending orders which are more than six months old?

Rao Bahadur T. K. Nayar (*Prime Minister*): 133.

TRANSPORT OF DE-CONTROLLED GOODS—DIFFICULTIES OF MERCHANTS

80. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവമ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) കൺട്രോൾ നിബന്ധനകളിൽനിന്നും ഒഴിവാക്കുന്ന ചരക്കുകൾ മറ്റ രാജ്യങ്ങളിലേക്ക് കൊണ്ടുപോകുമ്പോൾ അതുത്തി ചുവുക്കളിലെ മേലധികാരികൾ കൊണ്ടു പോകുവാൻ സമ്മതിക്കാതെ മനഃപൂർവ്വം കുഴപ്പടക്കാരെ ബുദ്ധിമുട്ടിക്കുന്നതിനെപ്പറ്റിയുള്ള പരാതി ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെ പരിഹരിക്കുവാൻ ഗവമ്മെണ്ടിൽനിന്നും എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഉവ്വ്. [illegible] കുംഭം വ്യാഴം കറുപ്പു തോൽ ഇരിങ്ങാലക്കുട റെയിൽവെ പോസ്റ്റ് ഡ്യൂട്ടിയിലായിരുന്ന ഒ ജി-ാം നമ്പർ ശിപായി തടഞ്ഞതായി ഒരു പരാതി ഉണ്ടായിരുന്നു.

(ബി) ശിപായിയെ താക്കീതു ചെയ്യുകയും അവിടെനിന്ന സ്ഥലം മാറ്റുകയും ചെയ്തു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: എക്സൈസ് അധികാരികൾ തടയാതിരിപ്പാനായി മേലിലെങ്കിലും കൺട്രോൾ നിബന്ധനകളിൽ നിന്ന ഒഴിവാക്കുന്ന ചരക്കുകൾ ഇന്നിന്ന താണെന്ന് അവരെ അറിയിക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അവരെ അറിയിക്കാവുന്നതാണ്. ഇല്ലെങ്കിൽ അറിയിക്കാം.

മിസ്റ്റർ പി. കെ. ഡീവർ: എക്സൈസുശിപായിക്കു ചരക്കുകൾ കടത്തിക്കൊണ്ടു പോകുമ്പോൾ പരിശോധിക്കാൻ പാടില്ല എന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly